# ലിറ്റിൽ ഫ്ലവർ എൽ.പി സ്കൂൾ
# ഒളനാട്



# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

അക്കാദമിക മാസ്റ്റർ പ്ലാൻ
Little flower LPS Olanad.

ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ ഇടപെട്ട് ജീവിതാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തിയുടെ വികാസത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹനിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. എല്ലാവരേയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ

ന്യമാക്കി. പല വിദ്യാലയങ്ങളും മാസ്റ്റർ പ്ലാനുകൾക്കനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്.

കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളുടെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാക്കണം.

ലക്ഷ്യങ്ങൾ :-

* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.

* പാർശ്വവൽക്കരിക്കപ്പെടുന്നതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

* ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു

ഒരു വർഷത്തെ വിദ്യാലയത്തിന്റെ സമഗ്രമായ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടാണ് പ്രവർത്തനങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. നിലവിൽ വിദ്യാലയത്തിൽ നടന്നുകൊണ്ടിരിക്കുന്ന മികവാർന്ന പ്രവർത്തനങ്ങൾക്ക് തുടർച്ചയും വളർച്ചയും മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ക്ലാസ്തല മാസ്റ്റർ പ്ലാനിൽ ഓരോ ക്ലാസിലും നടപ്പാക്കേണ്ട പ്രവർത്തനങ്ങളുടെ സൂക്ഷ്മമായ അംശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

കുട്ടികൾ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിച്ച് വായിക്കാനും എഴുതാനുമുള്ള കഴിവ് നേടിയെടുക്കുക എന്നതാണ് ഈ വർഷത്തെ ഏറ്റവും വലിയ ലക്ഷ്യമായി കാണുന്നത്. ഗണിതത്തിലെ അടിസ്ഥാനപരമായ കാര്യങ്ങൾ, ചതുഷ്ക്രിയകൾ 10,000 വരെയുള്ള സംഖ്യകൾ വായിക്കാനും എഴുതാനും std-4 ലെ കുട്ടികളെ പ്രാപ്തരാക്കുക എന്നതും ഈ ലക്ഷ്യത്തിൽ പെടുന്നു. ഓരോ കുട്ടിയുടേയും 'ഭവനം സന്ദർശി

ക്കുക' എന്നതും ലക്ഷ്യങ്ങളിലൊന്നാണ്

* ആഴ്ചയിൽ രണ്ട് ദിവസം അസംബ്ലി നടത്തുകയും അസംബ്ലി മദ്ധ്യേ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനും വൈജ്ഞാനിക വളർച്ചയ്ക്കും ഉതകുന്ന തരത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

- പത്ര വാർത്ത ക്വിസ്
- ഇന്നത്തെ ചിന്താവിഷയം
- കലാപ്രകടനങ്ങൾ (വ്യക്തിഗതം)
- ലഘുപരീക്ഷണങ്ങൾ സംഘടിപ്പിക്കൽ.

* ക്ലാസ് റൂം തല പ്രവർത്തനങ്ങൾ

- സുംബാ ഡാൻസ് പരിശീലനം.
- പാഠഭാഗവുമായി ബന്ധപ്പെട്ട ICT പ്രവർത്തനങ്ങൾ. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട കളികൾ.
- ക്ലാസ് ലൈബ്രറി
- സ്റ്റുഡന്റ്സ് ആക്ടിവിറ്റി കോർണർ.

* വിദ്യാലയതല പൊതു പ്രവർത്തനങ്ങൾ.

- അസംബ്ലിയിൽ Exercise
- യോഗ ക്ലാസുകൾ
- കരാട്ടെ ബാന്റ്സെറ്റ് പരിശീലനം.
- വിവിധ ദിനാചരണ പരിപാടികൾ.

· ആഴ്ചയിൽ രക്ഷിതാക്കൾക്കുള്ള ബോധവത്കരണ സന്ദേശം നൽകൽ.

അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം

ലക്ഷ്യം:

* മാതൃഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
* കുട്ടിയെ മികച്ച വായനയ്ക്ക് പ്രാപ്തനാക്കുക.
* കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക

സമയം :- ജൂൺ - സെപ്തംബർ (4 മാസം)

പ്രവർത്തനങ്ങൾ

• അക്ഷരം ഉറപ്പിക്കൽ
· അക്ഷരക്കാർഡ് നൽകൽ
· വാക്കുകൾ നിർമ്മിക്കുക
· വാക്യം നിർമ്മിക്കൽ
· ചിത്രം (അടിക്കുറിപ്പ്, കഥ പറയൽ, കഥ എഴുതൽ, കഥ പൂർത്തിയാക്കൽ, കഥാ പുസ്തകം നൽകൽ)
. സി.ഡിയിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ

* മാതൃഭാഷയിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്.

# ENGLISH

* Describe objects and pictures
  Tell the story using his/her words
* sing song and poems with proper rhythm and actions.
* Describe objects (cat, house, sea pictures)
* Answer in simple questions.
* Express different discourses (story, simple sentences, riddles, conversations, thoughts etc)

Read and enjoy simple stories.

- picture reading
- Reading cards
- Read the text graphically.

Develop discourses:

- write simple conversation
- write simple ~~story~~ stories
- Add more lines.
- write discription, thoughts.

Time - June - march.

(6) (7)

# ഗണിതം

മുത്തുകൾ, സംഖ്യാറിബൺ എന്നിവ ഉപയോഗിച്ച് സ്ഥാനവില ഉറപ്പിക്കൽ.

* ഉല്ലാസ ഗണിത കിറ്റിലുള്ള വസ്തുക്കൾ ഉപയോഗിച്ച് കളികളിലൂടെ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. (പാമ്പും കോണിയും, ജിഗ്സോ ബോർഡ് സ്ട്രിപ്പ്, സംഖ്യാ ചക്രം, മുത്ത് കോർക്കൽ സംഖ്യാകാർഡ് കളി)

* ICT സാധ്യത ഉപയോഗിച്ച് ഗണിതപഠനം എളുപ്പമാക്കുന്നു.

* അനുദിന ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ കുട്ടി നിർദ്ധാരണം ചെയ്യുന്നു.

* ഗണിതകേളിയിലൂടെ മന:കണക്കായി ഉത്തരം കണ്ടെത്തുന്നു. (puzzles, patterns ഡയസ്, ഗണിത ക്വിസ്)

* സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നം പരിഹരിക്കുന്നു.

* വിവിധ രൂപങ്ങൾ (ചതുരം, സമചതുരം ത്രികോണം, വൃത്തം etc) ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. (വീട്, കപ്പൽ, മീൻ)